ഹദീസ്

മൂസ ഉമരി പാലക്കാട്
k.moosa.km@gmail.com

# നേർജീവിതത്തെ അപകടപ്പെടുത്തുന്ന നാവ്

عَنْ سُفْيَان بْنِ عَبْدِ اللَّهِ الثَّقَفِيِّ رَضِي الله عَنْهُ قَالَ: قُلْتُ يَا رَسُولَ اللَّهِ حَدِّثْنِي بِأَمْرٍ أَعْتَصِمُ بِهِ ؟ قَالَ رَسُول الله صلى الله عليه وسلم: قُلْ رَبِّيَ اللَّهُ ثُمَّ اسْتَقِمْ قَال : قُلْتُ يَا رَسُولَ اللَّهِ مَا أَخْوَفُ مَا تَخَافُ عَلَيَّ ؟ فَأَخَذَ بِلِسَانِ نَفْسِهِ ثُمَّ قَالَ هَذَا. (رواه الترمذى ، وابن ماجه والحاكم فى صحيح الإسناد)

**സുഫ്‌യാനുബ്നു അബ്ദുല്ല അസ്സഖഫി(റ)യിൽനിന്ന്: ഞാൻ റസൂലി(സ)നോട് അപേക്ഷിച്ചു: 'എനിക്ക് കുറ്റവിമുക്തനായി നിൽക്കാൻ കഴിയുന്ന ഒരു കാര്യം പറഞ്ഞുതരിക.' റസൂൽ (സ) പറഞ്ഞു: 'എന്റെ നാഥൻ അല്ലാഹുവാണെന്ന് താങ്കൾ പ്രഖ്യാപിക്കുക, എന്നിട്ട് ഉറച്ചു നിൽക്കുകയും ചെയ്യുക.' പിന്നെയും ഞാൻ റസൂലിനോട് ചോദിച്ചു: 'അങ്ങ് എന്റെ കാര്യത്തിൽ ഏറ്റവും ഭയപ്പെടുന്ന കാര്യം എന്താണ്?' അപ്പോൾ നബി (സ) തന്റെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു: 'ഇതാ ഇതുതന്നെയാണ്' (തിർമുദി, ഇബ്നുമാജ, ഹാകിം).**

സാരവത്തായ ഒരുപാട് ഉപദേശങ്ങൾ ഈ ഹദീസ് നമുക്ക് നൽകുന്നു. അവ വളരെ ജീവിതസ്പർശിയും പ്രായോഗികവുമാണ്. ഇസ്‌ലാമിക ജീവിതസരണിയിലേക്ക് കടന്നുവരുന്ന സ്വഹാബിവര്യന്മാർ ഉപദേശനിർദേശങ്ങൾ തേടി റസൂലിന്റെ സന്നിധിയിൽ എത്തുക പതിവായിരുന്നു. അവർ പ്രവാചകൻ നൽകുന്ന ഉപദേശങ്ങൾ ശ്രദ്ധയോടെ കേൾക്കും, അവ പ്രാവർത്തികമാക്കാൻ ശ്രമിക്കും. വരുന്നയാളുടെ പ്രകൃതവും സ്വഭാവവും മാനസികാവസ്ഥയുമൊക്കെ കണക്കിലെടുത്ത് സന്ദർഭോചിതമായ ഉപദേശങ്ങളാണ് നബി നൽകുക.

പാപരഹിതനായി ജീവിക്കാൻ എന്തു ചെയ്യണം എന്നാണ് ഇവിടെ ഒരു സ്വഹാബി അന്വേഷിക്കുന്നത്. റസൂൽ (സ) അതിന് നൽകിയ മറുപടി ഏറെ സമഗ്രവും കാര്യമാത്രപ്രസക്തവുമാണ്. തന്റെ റബ്ബിനെ അറിയുക, അവന്റെ അനുഗ്രഹങ്ങളെ ഓർക്കുക, റബ്ബിന്റെ ശക്തിയും കരുണയും നന്നായി ഉൾക്കൊള്ളുക, എന്നിട്ട് ഈ അല്ലാഹു തന്നെയാണ് എന്റെ റബ്ബ് എന്നു പറയുക. ഈ ആദർശം മനസ്സിലുറച്ച് കഴിഞ്ഞാൽ പിന്നെ അതിന്റെ താൽപര്യത്തിനൊത്തായിരിക്കണം നമ്മുടെ ഓരോ ചിന്തയും ചലനവും. അതിൽ അലംഭാവമോ ഉദാസീനതയോ വന്നുപോകരുത്. മറ്റൊരുവിധം പറഞ്ഞാൽ, ഈമാനും ഇസ്‌ലാമും സമന്വയിക്കണം. വിശ്വാസ-ആദർശ കാര്യങ്ങൾക്കാണല്ലോ ഈമാൻ എന്നു പറയുക. കർമാനുഷ്ഠാനങ്ങളാണ് ഇസ്‌ലാം കാര്യങ്ങൾ. ഉറച്ച ഈമാനോടെ കർമനിരതനാവാൻ വിശ്വാസിക്ക് ഈ ബോധ്യം മതിയാവും.

ഇവിടെ സുഫ്‌യാൻ (റ) എന്ന സ്വഹാബി മറ്റൊരു ചോദ്യം കൂടി ഉയർത്തുന്നു. താൻ തന്റെ മേൽ ഏറെ ഭയപ്പെടേണ്ടത് എന്ത് എന്നാണ് ചോദ്യം. തന്റെ റബ്ബിന്റെ ഇഷ്ടവും തൃപ്തിയും ഉറപ്പുവരുത്തുന്നതിന് എന്താണ് പ്രധാന തടസ്സം എന്നാണ് അദ്ദേഹത്തിന് അറിയേണ്ടത്. റസൂൽ (സ) തന്റെ നാവ് പിടിച്ചുകൊണ്ട് ഇതാ, ഇതാണ് ആ തടസ്സം എന്ന് അദ്ദേഹത്തെ അറിയിക്കുന്നു. ഭാഷയും സംസാരവും അല്ലാഹുവിന്റെ അപാരമായ അനുഗ്രഹമാണ്. മനുഷ്യർക്കല്ലാതെ മറ്റൊരു ജീവിക്കും അവ രണ്ടും അല്ലാഹു നൽകിയിട്ടില്ല. നമ്മുടെ ഭാഷാ വൈവിധ്യത്തെ തന്റെ ദൃഷ്ടാന്തമായല്ലേ അല്ലാഹു പരിചയപ്പെടുത്തുന്നത്! ഈ മഹാ അനുഗ്രഹത്തെ ശരിയായ വിധത്തിലാണോ നാം ഉപയോഗിക്കുന്നത്? ഇഷ്ടം കൂടിയാൽ പുകഴ്ത്തുന്ന നമ്മൾ വിരോധം വന്നാൽ സകല പരിധികളും ലംഘിച്ച് സഹജീവികളെ നാവു കൊണ്ട് മാരകമായി മുറിവേൽപ്പിക്കാറില്ലേ?

കൂർത്ത അസ്ത്രമുനകളുണ്ടാക്കുന്ന മുറിവുകൾ ഉണങ്ങും, നാവുണ്ടാക്കുന്ന മുറിവുകൾ ഉണങ്ങില്ല, മുറിവേറ്റവർ മരണം വരെ ആ വേദന അനുഭവിക്കും എന്ന് ഒരു അറബിക്കവി പാടിയിട്ടുണ്ട്.

'നാളെ പരലോകത്ത് എന്നിൽനിന്ന് ഏറെ അകലെയുള്ളവർ ആവശ്യമില്ലാതെ വായ് നിറച്ച് വർത്തമാനം പറയുന്നവരാണ്' എന്ന് റസൂൽ (സ) താക്കീത് നൽകിയിട്ടുണ്ട്. അസ്ഥിയില്ലാത്ത ഈ മാംസത്തുണ്ട് വരുത്തിവെക്കുന്ന വിനകൾ എന്തൊക്കെയാണ്! പരലോകത്ത് ഹാജരാക്കപ്പെടുന്ന മനുഷ്യന്റെ കർമരേഖയിൽ രേഖപ്പെടുത്തിയിട്ടല്ലാതെ ഒരു വാക്കും ഉച്ചരിക്കപ്പെടുന്നില്ല എന്ന് ഖുർആൻ. എന്തു പറയുമ്പോഴും അതിജാഗ്രത വേണമെന്ന സന്ദേശമാണ് ഈ നബിവചനം നൽകുന്നത്. ●